"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്ത് - 2003-04 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.10.3(5) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1838/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 12/07/2013

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 02/06/2011-ലെ M4-13234/11 നമ്പർ കത്ത്.

2) 08/05/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.14645/സ്പെ.സെൽ/ജി2/2013 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 50, 45(3), 52, 54 എന്നിവയിൽ സൂചിപ്പിച്ച മരാമത്ത് പണികൾക്ക് അധിക നിരക്ക് നൽകിയത് കാരണം 1,87,219/- രൂപയുടെ നഷ്ടം സംഭവിച്ചതായും ആയതിന് ഉത്തരവാദിയായ എഞ്ചിനീയർ ശ്രീ. എം. അബൂബക്കറിന്റെ പേരിൽ ബാദ്ധ്യതയായി ഓഡിറ്റ് പരാമർശിച്ചിരുന്നു.

ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ 1998-99 ലോക്കൽ ഫണ്ട് ഓഡിറ്റ് പാര 50, 45(3), 52, 54 (സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04, പാര 03-10-03) പ്രകാരം എഞ്ചിനീയർ ശ്രീ. എം.അബൂബക്കറിന്റെ പേരിലുള്ള 1,87,219/- രൂപയുടെ ബാദ്ധ്യത ഒഴിവാക്കി കിട്ടുന്നതിന് പഞ്ചായത്തിന്റെ 24/12/2008-ലെ 3-ാം നമ്പർ തീരുമാനപ്രകാരം 26/12/2008-ന് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ ഈ വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിൽ നിലനിൽക്കുന്നതിനാൽ സമിതിയുടെ തെളിവെടുപ്പിൽ നിർദ്ദേശിക്കുന്ന പ്രകാരം തുടർ നടപടി മതിയാകുമെന്ന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത അപേക്ഷ തിരിച്ചയക്കുകയുമുണ്ടായി. 23/09/2010-ന് കൂടിയ നിയമസഭാ സമിതിയുടെ തെളിവെടുപ്പിൽ ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധൂകരണം

ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, മരണപ്പെട്ട എഞ്ചിനീയർ ശ്രീ. എം. അബൂബക്കറിന്റെ പേരിലുള്ള 1,87,219/-രൂപയുടെ ബാദ്ധ്യത ഒഴിവാക്കിക്കിട്ടണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള 04/12/2010-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ IV (4)-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. അബൂബക്കർ മരണപ്പെട്ടതിനാലും കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ചും തുക ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഭാര്യ ശ്രീമതി. സജനയും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന് വിധേയമായി ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 04/12/2010-ലെ IV (4)-ാം നമ്പർ തീരുമാനത്തിൽ ബാദ്ധ്യത ഒഴിവാക്കി കൊടുക്കുന്നതിന് സർക്കാരിലേക്കയച്ച അപേക്ഷ പരിഗണിച്ചും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയെന്ന സദുദ്ദേശ്യത്തോടെ നടത്തിയ ചെലവായതിനാലും ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അബൂബക്കർ മരണപ്പെട്ടതിനാലും ടിയാന്റെ ഭാര്യയുടെ അപേക്ഷ പരിഗണിച്ച് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 50, 45(3), 52, 54 എന്നിവയിൽ തടസ്സപ്പെടുത്തിയ 1,87,219/- (ഒരു ലക്ഷത്തി എൺപത്തിയേഴായിരത്തി ഇരുനൂറ്റി പത്തൊമ്പത് രൂപ മാത്രം) രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. ജവഹറാബീവി

ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, മലപ്പുറം

സെക്രട്ടറി, ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത്, മലപ്പുറം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ